ഡോ. കെ.എ നവാസ്
drkanavas@gmail.com

# ജനങ്ങളുമായി ഇടപഴകല്‍ വിശ്വാസിയുടെ ധര്‍മം

عَنِ ابْنِ عُمَرَ، عَنِ النَّبِيِّ صلى الله عليه وسلم قَالَ : الْمُؤْمِنُ الَّذِي يُخَالِطُ النَّاسَ، وَيَصْبِرُ عَلَى أَذَاهُمْ، خَيْرٌ مِنَ الَّذِي لاَ يُخَالِطُ النَّاسَ، وَلاَ يَصْبِرُ عَلَى أَذَاهُمْ

**ഇബ്‌നു ഉമറില്‍നിന്ന് നിവേദനം: നബി (സ) പറഞ്ഞു: ജനങ്ങളുമായി ഇടപഴകുകയും അവരില്‍നിന്നുണ്ടാകുന്ന വിഷമതകള്‍ സഹിക്കുകയും ചെയ്യുന്ന വിശ്വാസിയാണ്, ജനങ്ങളുമായി ഇടപഴകാതിരിക്കുകയും അവരില്‍നിന്നുണ്ടാകുന്ന വിഷമതകള്‍ സഹിക്കാതിരിക്കുകയും ചെയ്യുന്നവനേക്കാള്‍ ഉത്തമന്‍ (തിര്‍മിദി, അല്‍ബാനി സ്വഹീഹെന്ന് സാക്ഷ്യപ്പെടുത്തിയത്).**

മാനവസേവ വിശ്വാസിയുടെ ധര്‍മമാണെന്നു വിളിച്ചോതുന്ന ഒരു പ്രവാചക വചനമാണിത്. മനുഷ്യര്‍ പരസ്പരം സഹകരിച്ചു പ്രവര്‍ത്തിക്കേണ്ടവരാണെന്നും വേറിട്ടു കഴിയേണ്ടവരല്ലെന്നും അത് നമ്മെ ആഹ്വാനം ചെയ്യുന്നു.

മതം എന്നത് കേവല അനുഷ്ഠാനങ്ങളുടെ സംഹിതയല്ല. അനുപമമായ സാഹോദര്യം മുഖമുദ്രയാക്കിയ ജീവിതവ്യവസ്ഥയാണ് അതെന്ന് ഖുര്‍ആന്റെയും പ്രവാചകന്റെയും അധ്യാപനങ്ങള്‍ സുതരാം വ്യക്തമാക്കുന്നുണ്ട്. പ്രവാചകന്‍ സ്വജീവിതത്തിലൂടെ മാതൃക കാണിച്ചുതന്നതും വിശ്വാസിയുടെ പ്രവര്‍ത്തന മണ്ഡലങ്ങള്‍ അതിവിശാലമാണെന്നാണ്. ദേവാലയത്തില്‍ നാമം ജപിച്ചിരിക്കുന്നവനേക്കാള്‍ ഭേദം സഹോദരനെ സഹായിക്കാന്‍ ഇറങ്ങി പുറപ്പെടുന്നവനാണെന്ന് പ്രവാചകന്‍ സമൂഹത്തെ തെര്യപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ളവരെ സഹായിക്കാന്‍ കൈമെയ് മറന്ന് പ്രവര്‍ത്തിച്ച മനുഷ്യനാണ് പ്രവാചകന്‍. അതിന്റെ മാര്‍ഗത്തില്‍ അദ്ദേഹം സഹിച്ച വേദനകളും കഷ്ടപ്പാടുകളും അധികമാരും അനുഭവിച്ചിരിക്കാനിടയില്ല.

സഹവര്‍ത്തിത്വം, പരസ്പര സഹായം, വിട്ടുവീഴ്ച, ദാനം തുടങ്ങിയ മഹദ്ഗുണങ്ങള്‍ സാക്ഷാല്‍ക്കരിക്കപ്പെടണമെങ്കില്‍ മനുഷ്യര്‍ പരസ്പരം ഇടപഴകിയേ മതിയാവൂ. അതാകട്ടെ വര്‍ഗവംശ വ്യത്യാസങ്ങളില്ലാതെ പാലിക്കണമെന്നും ഉദ്‌ബോധിപ്പിക്കപ്പെടുന്നുണ്ട്. നാട്ടുകാര്‍, അയല്‍വാസികള്‍ തുടങ്ങിയ നിലകളില്‍ സാമൂഹിക ഇടപെടലുകള്‍; അവര്‍ ഏതു വംശക്കാര്‍, ഏതു മതക്കാര്‍ എന്ന നോട്ടമില്ല. ഇസ്‌ലാമിന്റെ കാതലായ നിലപാടാണ് അപരനെ ദ്രോഹിക്കാതിരിക്കുക എന്നത്. മറ്റുള്ളവരിലേക്ക് സഹായഹസ്തം നീട്ടുക എന്നതും. ഇതൊക്കെ എല്ലാ മനുഷ്യരുടെയും കാര്യത്തില്‍ ബാധകമായ കാര്യങ്ങളാണ്.

മതപ്രബോധനം വിശ്വാസിയുടെ ബാധ്യതയായിരിക്കെ, അത് നടത്തേണ്ടത് വാചികമായി മാത്രമല്ല, സ്വയം മാതൃകകള്‍ സൃഷ്ടിച്ചുകൊണ്ടു കൂടിയാണ്. വാതിലുകള്‍ കൊട്ടിയടച്ച് അയല്‍പക്ക ബന്ധം പോലുമുപേക്ഷിച്ച് തങ്ങളുടേതായ തുരുത്തുകളില്‍ ഒതുങ്ങിക്കൂടേണ്ടവരല്ല സത്യവിശ്വാസികളെന്ന് നബിചര്യ അനുശാസിക്കുന്നു. മനസ്സുകളില്‍ സൃഷ്ടിക്കപ്പെട്ട മതിലുകള്‍ തകര്‍ക്കപ്പെടുന്നത് സഹവാസത്തിലൂടെയും അടുത്ത ബന്ധങ്ങളിലൂടെയുമാണ്. അതിരുവിടുന്ന അനുഷ്ഠാനങ്ങളും തീവ്രനിലപാടുകളും അതിന് സഹായകമാകില്ല എന്ന് മനസ്സിലാക്കാന്‍ വലിയ പ്രയാസമില്ല. ഇസ്‌ലാമിന്റെ ശത്രുക്കളും പ്രതിലോമ ശക്തികളും നടത്തുന്ന ദുഷ്പ്രചാരണങ്ങള്‍ അടിസ്ഥാനരഹിതമാണെന്ന് പൊതു സമൂഹത്തെ ബോധ്യപ്പെടുത്താനും ഇടപെടലുകളിലൂടെയും ഇടപാടുകളിലൂടെയും വലിയൊരളവു വരെ സാധിക്കും.

പൊതു പ്രവര്‍ത്തനം നടത്തുമ്പോള്‍ സ്വാഭാവികമായും ബുദ്ധിമുട്ടുകളും നേരിടേണ്ടിവരുമെന്ന് മേല്‍പ്പറഞ്ഞ പ്രവാചക വചനം ഓര്‍മപ്പെടുത്തുന്നുണ്ട്. അത്തരത്തിലുള്ള പ്രശ്‌നങ്ങളില്‍നിന്ന് ഒളിച്ചോടുകയല്ല, മറിച്ച് അവയെ നേരിടുകയാണ് ഒരു വിശ്വാസി ചെയ്യേണ്ടതെന്നും ഉദ്‌ബോധിപ്പിക്കുന്നു. ജാതി-മത-വര്‍ഗ ഭേദമന്യേ മനുഷ്യരുമായി ഇടകലരുന്ന വിശ്വാസി, ശാരീരിക വിഷമതകള്‍ മാത്രമല്ല നേരിടേണ്ടിവരിക; ആരോപണങ്ങള്‍, പരദൂഷണങ്ങള്‍, കുറ്റപ്പെടുത്തലുകള്‍ തുടങ്ങി പലവിധ മാനസിക പീഡനങ്ങള്‍ നേരിടേണ്ടിവന്നേക്കാം. ധാര്‍മികമായി അധഃപതിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തില്‍ പ്രവര്‍ത്തിക്കുന്ന വിശ്വാസിയുടെ വിശ്വാസദാര്‍ഢ്യം കഠിനപരീക്ഷണങ്ങള്‍ക്ക് വിധേയമാകുമെന്നതില്‍ യാതൊരു സംശയവുമില്ല. അവിടെ അന്തസ്സോടെ പെരുമാറാനും ഇസ്‌ലാമിന്റെ വ്യതിരിക്തത നിലനിര്‍ത്താനും അതുവഴി പുണ്യം കരസ്ഥമാക്കാനും ഒരു യഥാര്‍ഥ വിശ്വാസിക്കേ കഴിയൂ. ●